"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് - കാട്ടാക്കട നിയമസഭാ മണ്ഡലം - "**പള്ളിച്ചൽപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം**" എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2386/2025/LSGD തീയതി,തിരുവനന്തപുരം, 29-09-2025

---

പരാമർശം:-

1. സ.ഉ.(സാധാ)നം.6753/2022/ധന തീയതി 05/10/2022 സർക്കാർ ഉത്തരവ്
2. സ.ഉ.(സാധാ)നം. 8012/2024/ധന തീയതി 28/10/2024 സർക്കാർ ഉത്തരവ്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23/04/2025 തീയതിയിലെ LSGD/PD/22358/2024-DB1 നമ്പർ കത്ത്

**ഉത്തരവ്**

2021-2022 സാമ്പത്തികവർഷത്തെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - മരാമത്തുപണികളുടെ വിശദ വിവരങ്ങൾ - വാല്യം II ൽ ഭരണാനുമതി ഇല്ലാത്ത മരാമത്തുപണികൾ - **ക്രമനമ്പർ 1585'** ആയി ഉൾപ്പെടുത്തിയ **'മാരനല്ലൂർ പഞ്ചായത്തിൽ സ്ഥലം വാങ്ങി മിനി IT പാർക്ക് സ്ഥാപിക്കൽ'** എന്ന പ്രവൃത്തിയ്ക്ക് പകരമായി അടങ്കൽ തുകയിൽ അധികരിക്കാതെ താഴെപ്പറയുന്ന രണ്ട് പ്രവൃത്തികൾ ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം ഭേദഗതി വരുത്തി ഉത്തരവായിരുന്നു.

i) കാട്ടാക്കട- തുവല്ലൂർകോണം-തുങ്ങാംപാറ റോഡ്,സ്ക്വാഡ് ജംഗ്ഷൻ വിശ്വദീപ്തി റോഡ്,പങ്കജ കസ്തൂരി കുളത്തുമ്മൽ ഹൈസ്കൂൾ റോഡ് (പൊതുമരാമത്ത് വകുപ്പ്)- അടങ്കൽ തുക: 350 ലക്ഷം ; അനുവദിയ്ക്കുന്ന തുക : 70,00,000/- രൂപ)

ii) പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് ഓഫീസിന് കെട്ടിട നിർമ്മാണം (തദ്ദേശസ്വയം ഭരണ വകുപ്പ്) - അടങ്കൽ തുക: 150 ലക്ഷം ; അനുവദിയ്ക്കുന്ന തുക : 30,00,000/- രൂപ).

2) തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ 150 ലക്ഷം രൂപ അടങ്കൽ തുകയിൽ അനുവദിച്ച **'പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് ഓഫീസിന് കെട്ടിട നിർമ്മാണം'** എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 90 ലക്ഷം രൂപയാക്കി കുറവ് വരുത്തി ബാക്കി 60 ലക്ഷം രൂപയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ തന്നെ **'കിള്ളി-പൊന്നറ-അഞ്ചുതെങ്ങിൻമൂട് റോഡ്'** എന്ന പ്രവൃത്തിക്ക് അനുവദിച്ച് പരാമർശം (2) പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(3) തുടർന്ന് പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിനെ നിർവ്വഹണ വകുപ്പായി ചുമതലപ്പെടുത്തിയും 90 ലക്ഷം രൂപ അടങ്കൽ കണക്കാക്കി 20% തുക വകയിരുത്തിയിരിക്കുന്നതുമായ **'പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം'** പ്രവൃത്തിക്ക് പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021-22 ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II- മരാമത്തുപണികളുടെ വിശദ വിവരങ്ങൾ വാല്യം || - ൽ ക്രമ നമ്പർ 1585 ആയി ഉൾപ്പെടുത്തിയ പ്രവൃത്തിക്ക് പകരമായി പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിനെ നിർവ്വഹണ വകുപ്പായി ചുമതലപ്പെടുത്തിയും, 90 ലക്ഷം രൂപ അടങ്കൽ കണക്കാക്കി 20% തുക വകയിരുത്തിയിരിക്കുന്നതുമായ **'പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം'** പ്രവൃത്തിക്ക് കാട്ടാക്കട എം.എൽ.എ-യുടെ അഭ്യർത്ഥന പ്രകാരം 2018 DSoR നിരക്കിലുള്ള 90 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ചുവടെ ചേർക്കുന്ന CTE -യുടെ remarks-ന് വിധേയമായി ഭരണാനുമതി നൽകിയും പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ചെലവ് **4515-00-800-92(NP)** എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

1. The TS authority shall ensure the construction of buildings by enforcing compliance with KPBR 2019.
2. The Principal Director shall ensure that the works proposed in the estimate satisfy the functional requirements as envisaged
3. The TS authority shall ensure that the foundation of the existing structure is sufficient to carry the proposed building.
4. A lump sum provision of ₹10.00 lakhs has been made for electrification work. Therefore, a detailed estimate shall be prepared prior to issuing the Technical Sanction
5. The competent authority shall ensure that there is no duplication of previously executed work prior to granting Technical Sanction.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Smitha. L
Date: 29-09-2025 21:47:42
സെക്ഷൻ ഓഫീസർ

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

2) സെക്രട്ടറി, പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്

3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ&ഇ) തിരുവനന്തപുരം

4) ധനകാര്യ (വികസന) വകുപ്പ് (19/08/2025 തീയതിയിലെ 3151687/ഡെവ-3/126/2025-ധന നമ്പർ അനൗദ്യോഗിക കുറിപ്പ്)(AS/LGD/25/45700)

5) ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

6) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി

7) കരുതൽ ഫയൽ (ഡി.ബി1/424/2022/എൽ.എസ്.ജി.ഡി)